1/2

# കേരള സർക്കാർ

## സംഗ്രഹം

റവന്യൂ വകുപ്പ് - **"ഭൂരഹിതരില്ലാത്ത കേരളം പദ്ധതി-2015"**- 01.10.2014 മുതൽ 30.11.2014 വരെയുള്ള രണ്ട് മാസക്കാലം സ്പെഷ്യൽ ഡ്രൈവ് കാലയളവായി പ്രഖ്യാപിച്ച് ഇക്കാലയളവിൽ നടപ്പിലാക്കേണ്ട കർമ്മപരിപാടികൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ(എ) വകുപ്പ്**

സ.ഉ. (സാധാ) നം.4448/2014 /റവന്യൂ. തീയതി, തിരുവനന്തപുരം, 17.09.2014.

---

**ഉത്തരവ്**

2015-ാം ആണ്ടോടുകൂടി കേരളത്തെ ഭൂരഹിതരായ കുടുംബങ്ങൾ ഇല്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് **"ഭൂരഹിതരില്ലാത്ത കേരളം പദ്ധതി-2015"**.

2. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി-2015-നായി ഭൂമി കണ്ടെത്തുന്നതിനായി 01.10.2014 മുതൽ 30.11.2014 വരെയുള്ള രണ്ട് മാസക്കാലം സ്പെഷ്യൽ ഡ്രൈവ് കാലയളവായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാലയളവിൽ താഴെപ്പറയുന്ന കർമ്മപരിപാടികൾ സത്വരമായി നടപ്പിലാക്കേണ്ടതാണ്:-

1) പാട്ടക്കാലാവധി കഴിഞ്ഞതും പാട്ട വ്യവസ്ഥകൾ ലംഘിച്ചതുമായ ഭൂമി കണ്ടെത്തി പദ്ധതിക്ക് ഉപയുക്തമാക്കുന്നതിനുള്ള നടപടികൾ 30.10.2014-ന് മുൻപ് അടിയന്തിരമായി ജില്ലാ കളക്ടർമാർ സ്വീകരിക്കണം.

2) ഒന്നാം ഘട്ടത്തിൽ വിതരണത്തിനായി തയ്യാറാക്കിയ പട്ടയങ്ങളിൽ വിതരണം ചെയ്യാൻ ബാക്കിയുള്ള മുഴുവൻ പട്ടയങ്ങളും 30.10.2014-ന് മുമ്പായി എല്ലാ ജില്ലാ കളക്ടർമാരും വിതരണം ചെയ്യുവാൻ വേണ്ടി തയ്യാറാക്കി വയ്ക്കേണ്ടതാണ്;

2/2

3) 30.11.2014-ന് മുൻപായി ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള നടപടിക്രമം എല്ലാ ജില്ലാ കളക്ടർമാരും പൂർത്തിയാക്കേണ്ടതാണ്.

4) മേൽ കാലയളവിൽ എല്ലാ ആഴ്ചയിലും ഒരു നിശ്ചിത ദിവസം റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ജില്ലാ കളക്ടർമാരുമായി വീഡിയോ കോൺഫറൻസ് നടത്തുന്നതാണ്.

5) മേൽ സൂചിക 2-ലെ ഇനം1 സംബന്ധിച്ച് 30.10.2014-ന് മുൻപ് ജില്ലാ കളക്ടർമാരുമായി ബന്ധപ്പെട്ട അത് വരെയുള്ള നടപടികളെക്കുറിച്ച് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി അവലോകനം നടത്തുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ഇ.കെ.മാജി**
**പ്രിൻസിപ്പൽ സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, സർവ്വേ & ലാന്റ് റിക്കോർഡ്സ്, തിരുവനന്തപുരം.
ജോയിന്റ് കമ്മീഷണർ & സ്പെഷ്യൽ ഓഫീസർ, സീറോ ലാന്റ് ലെസ് പ്രോജക്റ്റ് 2015, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
അസിസ്റ്റന്റ് കമ്മീഷണർ (ലാന്റ് അസൈൻമെന്റ്) & സ്പെഷ്യൽ ഓഫീസർ, കേരള സ്റ്റേറ്റ് ലാന്റ് ബാങ്ക്, തിരുവനന്തപുരം.
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ്/ ഭവന നിർമ്മാണ വകുപ്പ്/ സാമൂഹ്യ നീതി വകുപ്പ്/ പട്ടികജാതി പട്ടിക വർഗ വികസന വകുപ്പ്/വിവരപൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

E. K. Kumar
സെക്ഷൻ ഓഫീസർ

18/09 2014 10:43AM FAX 2325032 GAD(IBMC)SECTT 0004